A2/72/2022-CLAD
**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കെ. കേളപ്പൻ സ്മാരകനിർമ്മാണ പ്രവൃത്തിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ തുക അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/CLAD തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.87/2023/സാം.കാ.വ. തീയതി, 23.02.2023

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 01.06.2025 തീയതിയിലെ പി2-928/25/സാം.വ. നമ്പർ കത്ത്

3. സ.ഉ.(സാധാ)നം.9831/2025/ധന. തീയതി, 06.12.2025

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ മൂടാടി ഗ്രാമപഞ്ചായത്തിലെ മുച്ചുകുന്ന് എന്ന സ്ഥലത്ത് 'കേരള ഗാന്ധി കെ. കേളപ്പൻ സ്മാരക' നിർമ്മാണ പ്രവൃത്തിക്ക് ധനാനുമതിക്കായി സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ടി പ്രവൃത്തിക്ക് 4202-04-800-79-(01) 'കേരള ഗാന്ധി കെ. കേളപ്പൻ സ്മാരക നിർമ്മാണം' എന്ന പദ്ധതി ശീർഷകത്തിൽ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

3. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിൽ മൂടാടി ഗ്രാമപഞ്ചായത്തിലെ മുച്ചുകുന്ന് എന്ന സ്ഥലത്ത് 'കേരള ഗാന്ധി കെ. കേളപ്പൻ സ്മാരകം' നിർമ്മിക്കുന്ന പ്രവൃത്തിക്ക് അധിക ധനാനുമതിയായി വകയിരുത്തിയ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം ) റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

4. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (E 2159110 EDN-D1/258/2022-FIN dated 10.12.2025)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 23-01-2026 10:34:38